# കേരള സർവകലാശാല

നം.പി.ആർ.237/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### അക്കാദമിക് കലണ്ടർ

സി.ബി.സി.എസ് സമ്പ്രദായത്തിലുള്ള യു.ജി പ്രോഗ്രാമുകളുടെ 2019 – 20 അദ്ധ്യയന വർഷത്തിലെ രണ്ട്, നാല്, ആറ് സെമസ്റ്ററുകളുടെ അക്കാദമിക് കലണ്ടറുകൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാതീയതി

രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് (2013 ന് മുമ്പ് അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ) കോഴ്സുകളുടെ (2012 അഡ്മിഷൻ – സപ്ലിമെന്ററി, 2010, 2011 അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷകൾ നവംബർ 21 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2019 ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ X) നവംബർ 13 മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### പരീക്ഷാഫലം

2019 മേയിൽ നടത്തിയ ബി.പി.എഡ് (2 വർഷം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം പഠനഗവേഷണവകുപ്പുകളിൽ അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്, ബയോകെമിസ്ട്രി, അഡ്വാൻസ്ഡ് ബോട്ടണി, കെമിസ്ട്രി, ജിയോളജി, ലിംഗ്വിസ്റ്റിക്സ്, കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, സംസ്കൃതം, ഫ്യൂച്ചർ സ്റ്റഡീസ്, സുവോളജി ഡിപ്പാർട്ട്മെന്റുകളിലെ എം.ഫിൽ (2019–2020) പ്രോഗ്രാമുകളിൽ ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 18 ന് രാവിലെ 10 മണിക്ക് നടക്കുന്നതാണ്. യോഗ്യരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതാതു ഡിപ്പാർട്ട്മെന്റുകളിൽ അന്നേ ദിവസം എത്തിച്ചേരേണ്ടതാണ്.

## പ്രസംഗമത്സരം

നവംബർ 25 മുതൽ 29 വരെ മലയാളവിഭാഗം സംഘടിപ്പിക്കുന്ന പിരാന്തലോ-കേസരി സ്മൃതി നാടകശില്പശാലയുടെ ഭാഗമായി 'കേസരിബാലകൃഷ്ണപിള്ള പ്രസംഗമത്സരം' സംഘടിപ്പിക്കുന്നു. കേസരിയുടെ സാംസ്കാരികസംഭാവനകളെ മുൻനിർത്തി, കോളേജ് വിദ്യാർത്ഥികളുൾപ്പെടെ പൊതുവിഭാഗത്തിൽ ഒറ്റ ഇനമായാണ് മത്സരം. ക്യാഷ്പ്രൈസും ശില്പവും സാക്ഷ്യപത്രവുമടങ്ങിയതാണ് പുരസ്കാരം. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നവംബർ 23 നകം 944712502 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്.

## തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം

തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ മോർണിംഗ് ബാച്ചിൽ ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത : പ്ലസ്ടു/പ്രീഡിഗ്രി.

നവംബർ 16 ന് രാവിലെ 10 മണി മുതൽ ആരംഭിക്കുന്ന സി.എൽ.ഐ.എസ്.സി കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത : പ്ലസ്ടു/പ്രീഡിഗ്രി.

നവംബർ 16 ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത : ജനറൽ നഴ്സിംഗ്/ബി.എസ്സി നഴ്സിംഗ്. വിശദവിവരങ്ങൾക്ക് 0471-2302523

തിരുവനന്തപുരം,
12.11.2019

സെക്ഷൻ ഓഫീസർ